# ജനസമ്പർക്ക പരിപാടി ചരിത്രം കുറിച്ചു

## മൂന്ന് കോടിയിലധികം രൂപയുടെ ആനുകൂല്യങ്ങൾ

കാക്കനാട്: എറണാകുളത്ത് കഴിഞ്ഞ ദിവസം നടന്ന മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി ചരിത്രം കുറിച്ചു. 19ന് രാവിലെ 9.40ന് ആരംഭിച്ച് 20ന് പുലർച്ചെ 3.45നാണ് പരിപാടി അവസാനിച്ചത്. ഒരു ഭരണാധികാരി ഒരു നിമിഷം പോലും വിശ്രമമില്ലാതെ 18മണിക്കൂർ തുടർച്ചയായി ജനങ്ങളുടെ പരാതി കേൾക്കാനും അവക്ക് പരിഹാരം കാണാനും നിൽക്കുന്നത് ഒരു പക്ഷെ ആദ്യമായിരിക്കും. കഴിഞ്ഞ ആഴ്ചകളിൽ തിരുവനന്തപുരത്തും കോഴിക്കോടും ജനസമ്പർക്ക പരിപാടി നടന്നപ്പോൾ സമാനമായ ജനബാഹുല്യം ഉണ്ടായിരുന്നെങ്കിലും രാത്രി ഒന്നോടെ പരിപാടി അവസാനിച്ചിരുന്നു.

ജനങ്ങളോടൊപ്പം മണിക്കൂറുകളോളം നിന്ന് പരാതി കേൾക്കുമ്പോൾ ഒരിക്കലും ക്ഷീണമല്ല ആവേശം മാത്രമാണ് തോന്നാറുള്ളതെന്നായിരുന്നു മുഖ്യമന്ത്രിയുടെ നിലപാട്. ജനസമ്പർക്ക പരിപാടിയിലെ അവസാനത്തെ പരാതിക്കാരനെയും കണ്ട് പരിഹാര നിർദേശം നൽകിയ ശേഷം മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ജനങ്ങൾക്ക് ദുഃഖങ്ങളും പ്രയാസങ്ങളും പറയാൻ ഒരു വേദിയും അവ കേൾക്കുന്നതിന് ഒരു സംവിധാനവുമാണ് ജനസമ്പർക്ക പരിപാടി. ജില്ലാ ഭരണകൂടം ഉണർന്നുപ്രവർത്തിച്ചതുകൊണ്ടും എല്ലാവരുടെയും പങ്കാളിത്തം കൊണ്ടും പരിപാടി ശ്രദ്ധേയമായി. എല്ലാവരുടെയും ഭാഗത്തു നിന്ന് പ്രശ്ന പരിഹാരത്തിന് പോസിറ്റീവായ സമീപനം ഉണ്ടായതാണ് പരിപാടിയുടെ വിജയമെന്നും അദ്ദേഹം പറഞ്ഞു.

12500ലധികം പേരാണ് മുഖ്യമന്ത്രിയെ നേരിൽക്കണ്ട് പരാതി സമർപ്പിക്കാൻ സിവിൽ സ്റ്റേഷൻ മൈതാനത്തെത്തിയത്. ഇതിൽ 1000ത്തിലധികം പേർ വികലാംഗരായിരുന്നു. മൊത്തം പരാതികൾക്കും തീർപ്പുകൽപ്പിച്ച ശേഷമാണ് മുഖ്യമന്ത്രി വേദി വിട്ടത്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ധനസഹായമായി ഒരു കോടി 10 ലക്ഷം രൂപ ജനസമ്പർക്കവേദിയിൽ അനുവദിച്ചു. 2400 കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു. 50 ലക്ഷം രൂപയാണ് കുടുംബ സഹായ നിധിയിൽനിന്ന് വിതരണം ചെയ്തത്. മൊത്തം 500 പേർക്ക് 10,000 രൂപ വീതം ഈയിനത്തിൽ ലഭിച്ചു. പ്രകൃതിക്ഷോഭ ദുരിതാശ്വാസമായി 20 പേർക്ക് 15 ലക്ഷം രൂപ ധനസഹായവും നൽകി.

എ.പി.എൽ കാർഡുകൾ ബി.പി.എൽ കാർഡാക്കാൻ ആയിരത്തിലധികം അപേക്ഷകളാണ് മുഖ്യമന്ത്രിക്ക് ലഭിച്ചത്. ഇതിൽ 700 പേർക്ക് ബി.പി.എൽ കാർഡ് അനുവദിച്ചു. ജില്ലയിലെ ഏഴ് താലൂക്കുകളിൽനിന്നുള്ള 250 പേർക്ക് പട്ടയം വിതരണം ചെയ്തു. വികലാംഗരെയും ചികിത്സാ ധനസഹായം തേടിയെത്തിയവരെയും കണ്ട ശേഷമാണ് മുഖ്യമന്ത്രി മറ്റ് പരാതിക്കാരെ കണ്ടുതുടങ്ങിയത്.

സർക്കാർ തലത്തിൽ കൂടുതൽ പരിശോധന നടത്തി പരിഹാരം കാണേണ്ട കേസുകൾ കൈകാര്യം ചെയ്യാൻ സെക്രട്ടേറിയറ്റ് കൗണ്ടറും ഇവിടെ ഒരുക്കിയിരുന്നു. വിദ്യാഭ്യാസ വായ്പക്കും പലിശ ഇളവുകൾക്കുമായി 250 അപേക്ഷകൾ ലഭിച്ചു. ഇതിൽ നൂറോളം അപേക്ഷകളിലായി 1.50 കോടി രൂപയുടെ വായ്പയും പലിശയിളവും അനുവദിച്ചു.

മുഖ്യമന്ത്രിയെ കാണാൻ എത്തിയവരിൽ 7500പേർ നേരത്തേ രജിസ്റ്റർ ചെയ്തവരാണ്. 4500പേരാണ് പരാതിയുമായി ശനിയാഴ്ച നേരിട്ട് വേദിയിലെത്തിയത്. വീൽച്ചെയറിലും മറ്റുമെത്തിയ വികലാംഗരുടെ പരാതികൾ സശ്രദ്ധം കേട്ട മുഖ്യമന്ത്രി ഓരോ പരാതിയിലും തീർപ്പുകൽപ്പിച്ചു. മിക്കവർക്കും മുഖ്യമന്ത്രി അടിയന്തര ദുരിതാശ്വാസ സഹായം അനുവദിച്ചു.

ജനങ്ങളുടെ ബാഹുല്യം കണക്കിലെടുത്ത് അത്താണിയിലും കൊച്ചിയിലും അര മണിക്കൂർ വീതം നിശ്ചയിച്ചിരുന്ന മറ്റു രണ്ടു പരിപാടികൾ ഒഴിവാക്കിയാണ് മുഖ്യമന്ത്രി വേദിയിൽ തങ്ങിയത്. 32കൗണ്ടറാണ് വിവിധ വകുപ്പുകൾക്കായി പ്രവർത്തിച്ചത്.

ആരോഗ്യ വകുപ്പിന്റെ പ്രത്യേക ചികിത്സാ യൂനിറ്റും വേദിക്ക് സമീപം ഒരുക്കിയിരുന്നു. മൊത്തം ജനങ്ങൾക്കും ഭക്ഷണവും കുടിവെള്ളവും നൽകിയത് ശ്രദ്ധേയമായി. ന്യായവിലയ്ക്ക് രുചികരമായ ഭക്ഷണവുമായി ഡി.ടി.പി.സിയുടെ ഫുഡ്കോർട്ടും പ്രവർത്തിച്ചിരുന്നു.

പുലർച്ചെ വരെ ജില്ലയുടെ വിവിധ ഭാഗങ്ങളിലേക്ക് ബസ് സർവീസ് ഏർപ്പെടുത്തിയിരുന്നു. ജീവനക്കാരെ അതത് സ്ഥലങ്ങളിൽ എത്തിക്കാൻ പ്രത്യേക ക്രമീകരണം സജ്ജമാക്കിയിരുന്നു. കലക്ടറേറ്റ് മൈതാനം ആദ്യമായാണ് ഇത്രയധികം ജനങ്ങൾ പങ്കെടുക്കുന്ന ഒരു പൊതു പരിപാടിക്ക് വേദിയാകുന്നത്.

### ജില്ലാ ഭരണകൂടത്തിന് സംതൃപ്തി

കാക്കനാട്: രണ്ടാഴ്ചയോളമായുള്ള ജില്ലാ ഭരണകൂടത്തിന്റെ ഉറക്കമില്ലാ രാവുകൾക്ക് സംതൃപ്ത സമാപ്തി. മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയുടെ ഒരുക്കങ്ങൾക്ക് ഒരു മാസം മുമ്പാണ് ഒരുക്കം ആരംഭിച്ചത്. ഒക്ടോബർ അവസാന ആഴ്ച പ്രത്യേക സെന്റർ തുറന്ന് പരാതികൾ സ്വീകരിച്ചു തുടങ്ങി. 20 ജീവനക്കാരെ ഇതിനായി നിയോഗിച്ചു. ജില്ലയിലെ ഏഴ് താലൂക്കുകളിലും പരാതികൾ സ്വീകരിക്കാൻ സൗകര്യം ഒരുക്കിയിരുന്നു. പരാതികൾ ക്രോഡീകരിച്ചത് കലക്ടറേറ്റിലാണ്.

കലക്ടറുടെ നേരിട്ട് നിയന്ത്രണത്തിലുള്ള ജനറൽ അഡ്മിനിസ്ട്രേഷൻ വിഭാഗമാണ് നടപടിക്രമങ്ങൾക്ക് നേതൃത്വം നൽകിയത്. എൽ.ആർ ഡെപ്യൂട്ടി കലക്ടർ ഇന്ദിര, എൽ.എ ഡെപ്യൂട്ടി കലക്ടർ മോഹനദാസൻ പിള്ള, എൽ.ആർ ജൂനിയർ സൂപ്രണ്ട് രാധാകൃഷ്ണൻ, മൂവാറ്റുപുഴ ആർ.ഡി.ഒ മണിയമ്മ, ഫോർട്ടുകൊച്ചി ആർ.ഡി.ഒ ഷാനവാസ്, ഫിനാൻസ് ഓഫിസർ പി.ജെ. ജോസഫ്, ജൂനിയർ സൂപ്രണ്ടുമാരായ രഞ്ജിത്ത് തുടങ്ങിയവരാണ് പരിപാടി വിജയിപ്പിക്കുന്നതിന് പിന്നിൽ പ്രവർത്തിച്ചത്.